LIBRARY ARCHIVES Kerala Legislative Assembly

ശ്രീജിത്തിന് ചികിത്സാ ധനസഹായം

283 (948) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിലെ മണ്ണാരക്കൽ ശ്രീജിത്ത് എന്നയാൾ ചികിത്സാ ധനസഹായത്തിന് അപേക്ഷ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ എത്ര രൂപയുടെ ധനസഹായം അനുവദിച്ചെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചികിത്സാ ധനസഹായമായി 50,000 രൂപ അനുവദിച്ചിട്ടുണ്ട്.

സ്വയംപര്യാപ്ത ഗ്രാമങ്ങൾ

284 (949) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി -പിന്നോക്ക വകുപ്പിൻ കീഴിൽ കാസർഗോഡ് നിയോജക മണ്ഡലത്തിൽ എത്ര സ്വയംപര്യാപ്ത ഗ്രാമങ്ങൾ ഏറ്റെടുത്തിട്ടുണ്ട് ; അവ ഏതെല്ലാമാണ് ; പ്രസ്തുത ഗ്രാമത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം നൽകാമോ ;

(ബി) പ്രവൃത്തിയുടെ കരാർ ആർക്ക് എന്ന് മുതൽക്ക് നൽകി ; കരാർ കാലാവധി എത്രയാണ് ; പണി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ പുരോഗതി അറിയിക്കുമോ ; എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒന്ന്: അമെയ് കോളനിയിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു :

ഭവന പുനരുദ്ധാരണം, അംഗൻവാടിയുടെ പുനരുദ്ധാരണം, കമ്മ്യൂണിറ്റി ഹാളിന്റെ പുനരുദ്ധാരണവും ആവശ്യമുള്ള സാധനങ്ങൾ വാങ്ങുന്നതും, ഭജനമഠത്തിന്റെ പുനരുദ്ധാരണം, കിണർ പുനരുദ്ധാരണം (ഭജനമഠം), പുതിയ കിണർ (ഭജനമഠം),